**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട്-മണ്ണാർക്കാട് ബ്ലോക്കിലെ വിവിധ പ്രോജക്ടുകളുടെ ഉദ്ഘാടനത്തിനായിവന്ന ചെലവ് തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).969/13/തസ്വഭവ തിരുവനന്തപുരം, തീയതി, 09.04.2013

===================================================================================

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 05.02.2013-ലെ 27018/ഡി.പി.4/12/സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ട് ഉപയോഗിച്ച വിവിധ പദ്ധതികളുടെ ഉദ്ഘാടനത്തിനായി പഞ്ചായത്ത് സെക്രട്ടറിക്ക് അനുവദിക്കാവുന്ന പരിധിയിലും കൂടുതലായ 22,200/- രൂപ ചെലവഴിച്ചതിനാൽ ടി തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകണമെന്ന് പരാമർശപ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ട് ഉപയോഗിച്ച് വിവിധ പദ്ധതികളുടെ ഉദ്ഘാടനത്തിനായി ചെലവഴിച്ച 22,200/- (ഇരുപത്തിരണ്ടായിരത്തി ഇരുനൂറ്) രൂപ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എസ്.ഡി.സുനിൽകുമാർ,

**അണ്ടർ സെക്രട്ടറി**

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, മണ്ണാർക്കാട്.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ